*നമ്പർ.സി5/5/2013/ഡി.പി.ഐ.*

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം., തീയതി.12/09/2013.
(ഫോൺ : 0471-2580514)
ഇ-മെയിൽ : csectiondpi@gmail.com

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ക്ലാർക്ക് - സ്ഥാനക്കയറ്റം - സർവ്വീസ് കാർഡ് - ആവശ്യപ്പെടുന്നത്.

സൂചന : 1. ക്ലാർക്ക് സീനിയോറിറ്റിപ്പട്ടിക 1993-2000
2. ക്ലാർക്ക് സീനിയോറിറ്റിപ്പട്ടിക 2001-2005
3. ***ക്ലാർക്ക് സീനിയോരിറ്റിപ്പട്ടിക 2006-2009***

സൂചന (1, 2) പ്രകാരമുള്ള ക്ലാർക്കുമാരുടെ സീനിയോരിറ്റി പട്ടികയിലെ വകുപ്പുതല പരീക്ഷാ യോഗ്യതകൾ പാസ്സായിട്ടുള്ള എല്ലാ ക്ലാർക്കുമാർക്കും ഇതിനോടകം സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. എന്നാൽ യഥാസമയം സർവ്വീസ് കാർഡും ആവശ്യപ്പെട്ട അനുബന്ധരേഖകളും ഹാജരാക്കാത്തവരും, ശമ്പള രഹിത അവധിയിൽ പ്രവേശിച്ചവരും പട്ടികയിൽ പിന്നീട് പേരു ചേർക്കപ്പെട്ടവരുമായ ക്ലാർക്കുമാരെ സ്ഥാനക്കയറ്റത്തിന് പരിഗണിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 2001-05 വരെയുള്ള ക്ലാർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള നാളിതു വരെ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കാത്ത എല്ലാ ക്ലാർക്കുമാരുടെയും, ***2006-09 വർഷത്തെ ക്ലാർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ട റാങ്ക് നമ്പർ 300 വരെയുള്ള വകുപ്പുതല പരീക്ഷകൾ പാസ്സായിട്ടുള്ള ക്ലാർക്കുമാരുടെയും, വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽ ഇളവിന് അർഹതയുള്ളവരുമായ ക്ലാർക്കുമാരുടെയും സേവനപുസ്തകം പരിശോധിച്ച് മേലധികാരി സാക്ഷ്യപ്പെടുത്തിയ സർവ്വീസ് കാർഡ് ഇതോടൊന്നിച്ചുള്ള മാതൃകാ ഫോർമാറ്റിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി യോഗ്യതാ പരീക്ഷയുടെ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നേരിട്ടോ തപാൽ മുഖേനയോ 31/10/2013-നു മുൻപ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.***

സർവ്വീസ് ബുക്ക് കൃത്യമായി പരിശോധിച്ച് സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം മാത്രമേ സർവ്വീസ് കാർഡ് അയച്ചു തരാൻ പാടുള്ളൂ. ***അപൂർണ്ണവും മേലധികാരി സാക്ഷ്യപ്പെടുത്താതെ ലഭിക്കുന്നതുമായ സർവ്വീസ് കാർഡുകൾ പരിഗണിക്കുന്നതല്ല. സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും സർവ്വീസ് കാർഡുകൾ സമർപ്പിക്കാത്ത ക്ലാർക്കുമാരെ (എൽ.ഡി. ക്ലാർക്ക്) സീനിയർ ക്ലാർക്ക് സ്ഥാനക്കയറ്റത്തിനു പരിഗണിക്കുന്നതല്ല.*** സർവ്വീസ് കാർഡിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ വ്യാജമാണെന്ന് തെളിഞ്ഞാൽ ബന്ധപ്പെട്ട ഓഫീസർ/ജീവനക്കാർക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ് :

ടെക്സ്റ്റ്ബുക്ക് ഓഫീസ്, പരീക്ഷാ ഭവൻ ഉൾപ്പെടെ എല്ലാ സബ് ഓഫീസുകൾക്കും

# സർവ്വീസ് കാർഡ് - ക്ലാർക്ക് (എൽ.ഡി. ക്ലാർക്ക്)

1. പേര്, ഓഫീസ്, ഫോൺ നമ്പർ
2. ജനനതീയതി
3. സർക്കാർ സർവ്വീസിൽ പ്രവേശിച്ച തീയതി
4. ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച തീയതി
5. ക്ലാർക്കായി ആദ്യം നിയമനം ലഭിച്ച ജില്ല
6. ക്ലാർക്ക് സീനിയോരിറ്റി റാങ്ക് നമ്പരും വർഷവും
7. എം.ഒ.പി. പാസ്സായ മാസം, വർഷം
8. പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവ് നമ്പരും തീയതിയും
9. വകുപ്പുതല പരീക്ഷകൾ പാസ്സായ മാസവും വർഷവും (സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്)
10. ശിക്ഷാ നടപടികൾക്ക് വിധേയനായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ
11. അന്തർജില്ല/അന്തർ വകുപ്പ് മാറ്റം സംബന്ധിച്ച വിവരങ്ങൾ
12. വിദേശവാസം/ശമ്പള രഹിത അവധി സംബന്ധിച്ച വിവരങ്ങൾ (സർക്കാർ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്)
13. പരീക്ഷാ യോഗ്യത നേടുന്നതിൽ ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ
14. 50 വയസ്സ് പൂർത്തിയായ തീയതി (50 വയസ്സ് പൂർത്തിയായവർ സേവന പുസ്തകത്തിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്)
15. മറ്റു വിവരങ്ങൾ

(ഒപ്പ്)

## പ്രസ്താവന

ശ്രീ./ശ്രീമതി. . . . . . . . . . . . . . . . . . . . . . . . . . . . . . സർവ്വീസ് സംബന്ധമായി മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ടിയാന്റെ സർവ്വീസ് പുസ്തകം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

സ്ഥലം :

തീയതി : **ഓഫീസ് മേധാവി**